# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 4715

27.06.2014 -ൽ മറുപടി നൽകേണ്ടത്

### ജനന-മരണ രജിസ്ട്രേഷൻ

**ചോദ്യം**

ശ്രീ. ബി. സത്യൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. എസ്. ശർമ്മ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജനന-മരണ രജിസ്ട്രേഷനുകൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുള്ളത് ഏതു സ്ഥാപനമാണ് എന്ന് അറിയിക്കുമോ ; | (എ) | നിലവിൽ ഇൻഫർമേഷൻ കേരളാ മിഷൻ ആണ് ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച സോഫ്റ്റ് വെയർ രൂപകല്പന ചെയ്തിട്ടുള്ളത്. |
| (ബി) | നിലവിലുള്ള സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | കോർപ്പറേഷനുകളിലെ ജനന-മരണ രജിസ്ട്രേഷൻ നടപടികൾ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) | ഇല്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായ കെ. എസ്. യു. ഡി. പി എംപവേർഡ് കമ്മിറ്റി, മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-10-2009-ൽ ചേർന്ന യോഗത്തിൽ കൊച്ചി കോർപ്പറേഷൻ ആവശ്യപ്പെട്ട പ്രകാരം ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായി M/s. വിപ്രോയ്ക്ക് വർക്ക് അവാർഡ് ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. M/s. വിപ്രോ തയ്യാറാക്കിയ RFP അനുസരിച്ച്, ടെണ്ടർ നടപടികളിലൂടെ ടാറ്റാ കൺസൾട്ടൻസിയെ തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ